**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2878** | **07-10-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് തദ്ദേശഭൂമിയിൽ ഉടമസ്ഥാവകാശം നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി നഗറുകളിലെ ജനങ്ങൾക്ക് തങ്ങളുടെ തദ്ദേശഭൂമിയിൽ ഉടമസ്ഥാവകാശം നൽകുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | **ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി വിലക്ക് വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമ പ്രകാരമുള്ള ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂമിയുടെ ഉടമസ്ഥരാക്കുന്നു. കൂടാതെ റവന്യൂ ഭൂമി വിതരണത്തിലൂടെയും ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നു. അതിദരിദ്രപട്ടികയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്കാരിൽ ഭൂമിയും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വാങ്ങുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നു.**<br><br>**1999 ലെ കെ.എസ്.ടി. ആക്ട് പ്രകാരം സംസ്ഥാനത്തെ പട്ടിക വർഗക്കാരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനായി ഭൂമി കയ്യേറ്റം നിയന്ത്രിക്കുവാനും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചു വരുന്നു.**<br><br>**2006 ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമ പ്രകാരം വ്യക്തിഗത വനാവകാശ രേഖ അനുവദിച്ചിട്ടുള്ള പട്ടിക വർഗ സങ്കേതങ്ങൾ, ഊരുകൾ (ഫോറസ്റ്റ് വില്ലേജ്) എന്നിവ റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി സ.ഉ.(കൈ) നം. 30/2025/RD തീയതി 3/2/25 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ റവന്യൂ വില്ലേജുകളാക്കുന്നതോടുകൂടി കൈവശഭൂമിയ്ക്ക് കരമടയ്ക്കുന്നതിന് സാധ്യമാകുന്നതാണ്.** |

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനാവകാശ നിയമ പ്രകാരം 3126 കുടുംബങ്ങൾക്ക് 4224.55 ഏക്കർ ഭൂമിയ്ക്ക് കൈവശാവകാശരേഖയും, 27 കുടുംബങ്ങൾക്ക് 20.98 ഏക്കർ റവന്യൂ / പ്രോജക്ട് / ഫാം ഭൂമി പട്ടയവും, 718 കുടുംബങ്ങൾക്കായി 243.80 ഏക്കർ നിക്ഷിപ്ത വനഭൂമിയ്ക്കുള്ള അവകാശരേഖയും നൽകി. കൂടാതെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 280 കുടുംബങ്ങൾക്ക് 52.83 ഏക്കർ ഭൂമിയും വാങ്ങി നൽകി. ഇത്തരത്തിൽ 4151 കുടുംബങ്ങൾക്ക് 4542.16 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

- തിരുവനന്തപുരം ജില്ലയിലെ വിതുര പഞ്ചായത്തിലെ ചെറ്റച്ചലിൽ ഭൂമിയ്ക്കായി രണ്ട് പതിറ്റാണ്ടായി നടത്തി വന്നിരുന്ന സമരം അവസാനിപ്പിക്കുകയും വനാവകാശ നിയമ പ്രകാരം 33 കുടുംബങ്ങൾക്ക് 20 സെന്റ് മുതൽ 50 സെന്റ് വരെയുള്ള ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുകയും ചെയ്തു. ഇത്തരത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ല മാറി.

കൊല്ലം ജില്ലയിലെ അച്ചൻകോവിലിൽ വർഷങ്ങളായി ഷെഡിൽ താമസിച്ച് വന്നിരുന്ന 12 മലമ്പണ്ടാര കുടുംബങ്ങൾക്ക് 12.5 സെന്റ് വീതം ഭൂമി ലാന്റ് ബാങ്ക് പദ്ധതി പ്രകാരം വാങ്ങി നൽകി.

പത്തനംതിട്ട ജില്ലയിലെ നൊമാഡിക് വിഭാഗക്കാരായ 37 മലമ്പണ്ടാര കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം വനാവകാശ നിയമ പ്രകാരം കൈവശാവകാശരേഖ നൽകി. ഈ വിഭാഗത്തിലെ 31 കുടുംബങ്ങൾക്ക് കൂടി ഭൂമി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

തൃശ്ശൂർ ജില്ലയിൽ ചിമ്മിനി ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് കള്ളിചിത്രമലയിൽ നിന്നും കുടിയിറക്കപ്പെട്ട കള്ളിചിത്ര നടാംപാടം കോളനിയിലെ 17 കുടുംബങ്ങൾക്ക് ചാലക്കുടി താലൂക്കിൽ മുപ്ലിയം വില്ലേജിൽ 7.50 ഏക്കർ ഭൂമി വിതരണം ചെയ്തു.

മുത്തങ്ങ സമരത്തിൽ പങ്കെടുത്തതും ഭൂമി അനുവദിക്കേണ്ടതുമായ 37 കുടുംബങ്ങൾക്ക് കൂടി ഒരേക്കർ വീതം ഭൂമി അനുവദിച്ചു.

മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്രാനുമതി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമിയിൽ 37 ഹെക്ടർ ഭൂമി കൂടി

| | | | |
|---|---|---|---|
| | | | **വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**തൃശ്ശൂർ ജില്ലയിലെ ഒളകരയിൽ പതിറ്റാണ്ടുകളായുള്ള ഉന്നതി നിവാസികളുടെ ഭൂമിക്കായുള്ള കാത്തിരിപ്പ് അവസാനിപ്പിച്ച് 44 കുടുംബങ്ങൾക്ക് വനാവകാശ നിയമ പ്രകാരം 1.5 ഏക്കർ വീതം ഭൂമിയ്ക്ക് വ്യക്തിഗത അവകാശം നൽകി.** |

സെക്ഷൻ ഓഫീസർ